सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4495 | नई दिल्ली | शनिवार | 31 दिसंबर 2022/ | 10 पौष, 1944 (शक) | खण्ड | 11 |
| No. 4495 | NEW DELHI | Saturday | 31 December 2022/ | 10 Pousha, 1944 (Saka) | Vol. | 11 |
| നമ്പർ 4495 | ന്യൂഡൽഹി | ശനിയാഴ്ച | 31 ഡിസംബർ 2022/ | 10 പൌഷം, 1944 (ശക) | വാല്യം | 11 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 8th April, 2022/18th Chaithra, 1944 (Saka).*

The translation in Malayalam of The South Asian University Act, 2008 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

2008–ലെ ദക്ഷിണ ഏഷ്യൻ സർവ്വകലാശാല ആക്റ്റിന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9227/2022/S4.

# ദക്ഷിണ ഏഷ്യൻ സർവ്വകലാശാല ആക്റ്റ്, 2008

(2009-ലെ 8-ാം നമ്പർ ആക്റ്റ്)

ദക്ഷിണ ഏഷ്യൻ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള കരാറിന് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ദക്ഷിണ ഏഷ്യൻ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി പ്രാദേശിക സഹകരണത്തിനുള്ള ദക്ഷിണ ഏഷ്യൻ കൂട്ടായ്മയിലെ (സാർക്ക്) അംഗ രാജ്യങ്ങളുടെ ബന്ധപ്പെട്ട സർക്കാരുകൾക്കുവേണ്ടി ഒരു കരാർ 2007 ഏപ്രിൽ 4-ാം തീയതി ഒപ്പ് വച്ചിട്ടുള്ളതിനാലും;

പ്രസ്തുത കരാറിലെ അനുച്ഛേദം 1 സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസ് ഭാരതത്തിൽ സ്ഥിതി ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ, പ്രസ്തുത കരാറിന് പ്രാബല്യം നൽകുന്നതിനായി വ്യവസ്ഥകൾ ഉണ്ടാക്കുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ദക്ഷിണ ഏഷ്യൻ സർവ്വകലാശാല ആക്റ്റ്, 2008 എന്ന് പേര് പറയാം.

(2) ഇതിന് ഭാരതം മുഴുവനും ഭാരതത്തിന് പുറത്ത് സാർക്ക് മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ക്യാമ്പസുകളിലും കേന്ദ്രങ്ങളിലും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അക്കാഡമിക് കൗൺസിൽ" എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(ഖ) "അക്കാഡമിക് സ്റ്റാഫ്" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാൽ അക്കാഡമിക് സ്റ്റാഫായി സ്ഥാനനിർദ്ദേശം ചെയ്യുന്ന അങ്ങനെയുള്ള വിഭാഗം സ്റ്റാഫ് എന്നർത്ഥമാകുന്നു;

(ഗ) "കരാർ" എന്നാൽ ദക്ഷിണ ഏഷ്യൻ സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കരാർ എന്നർത്ഥമാകുന്നു;

(ഘ) "ബൈലാകൾ" എന്നാൽ സർവ്വകലാശാലയുടെ ബൈലാകൾ എന്നർത്ഥമാകുന്നു;

(ങ) "കേന്ദ്രം" എന്നാൽ അദ്ധ്യാപനത്തിനും വിദഗ്ദ്ധോപദേശം നൽകുന്നതിനും ഗവേഷണത്തിനും സൗകര്യങ്ങൾ നൽകുന്ന, സർവ്വകലാശാലയുടെയോ സർവ്വകലാശാലാ സ്ഥാപനത്തിന്റെയോ ഒരു യൂണിറ്റ് എന്നർത്ഥമാകുന്നതും അതിൽ ഒരു പ്രാദേശിക കേന്ദ്രം ഉൾപ്പെടുന്നതുമാകുന്നു;

(ച) "ജീവനക്കാരൻ" എന്നാൽ സർവ്വകലാശാല നിയമിച്ച ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അതിൽ സർവ്വകലാശാലയിലെ അദ്ധ്യാപകരും മറ്റ് സ്റ്റാഫും ഉൾപ്പെടുന്നതുമാകുന്നു;

(ഛ) "നിർവ്വാഹക സമിതി" എന്നാൽ സർവ്വകലാശാലയുടെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

(ജ) "ഫാക്കൽറ്റി" എന്നാൽ സർവ്വകലാശാലയിലെ ഒരു ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

(ഝ) "ഗവേണിംഗ് ബോർഡ്" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാലയുടെ ഗവേണിംഗ് ബോർഡ് എന്നർത്ഥമാകുന്നു;

(ഞ) "ഹാൾ" എന്നാൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുവേണ്ടി അത് ഏർപ്പെടുത്തുന്നതോ പരിപാലിക്കുന്നതോ അംഗീകരിക്കുന്നതോ ആയ, അതിന് എന്ത് പേര് പറഞ്ഞാലും, താമസസ്ഥലത്തിന്റെ ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു;

(ട) "ആതിഥേയ രാജ്യം" എന്നാൽ ഭാരത റിപ്പബ്ലിക് എന്നർത്ഥമാകുന്നു;

(ഠ) "ആതിഥേയ സർക്കാർ" എന്നാൽ ആതിഥേയ രാജ്യത്തെ സർക്കാർ എന്നർത്ഥമാകുന്നു;

(ഡ) "അംഗ രാജ്യങ്ങൾ" എന്നാൽ സാർക്ക്-ലെ അംഗ രാജ്യങ്ങൾ എന്നർത്ഥമാകുന്നു;

(ഢ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ സ്റ്റാറ്റ്യൂട്ടുകളാലോ റെഗുലേഷനുകളാലോ ബൈലാകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ണ) "പ്രസിഡന്റ്" എന്നാൽ 12-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട, സർവ്വകലാശാലയുടെ പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ത) "പ്രോജക്റ്റ് ഓഫീസ്" എന്നാൽ സർവ്വകലാശാലയുടെ മുഖ്യക്യാമ്പസ് സ്ഥാപിക്കുന്നതിന് ആവശ്യമായ കർത്തവ്യങ്ങൾ നടപ്പാക്കുന്നതിന്റെ ആവശ്യത്തിലേക്കായി സ്ഥാപിക്കുന്ന പ്രോജക്റ്റ് ഓഫീസ് എന്നർത്ഥമാകുന്നു;

(ഥ) "അംഗീകൃതസ്ഥാപനം" എന്നാൽ സർവ്വകലാശാല പരിപാലിക്കുന്നതോ അംഗീകരിച്ചിട്ടുള്ളതോ സർവ്വകലാശാലയുമായി ബന്ധപ്പെട്ടിരിക്കുന്നതോ ആയ ഉന്നതപഠനത്തിനുള്ള ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(ദ) "പ്രാദേശിക കേന്ദ്രം" എന്നാൽ സാർക്ക് പ്രദേശത്തിലെ ഏതെങ്കിലും സ്ഥലത്ത്, അങ്ങനെയുള്ള പ്രദേശത്തെ ക്യാമ്പസുകളിലെയോ കേന്ദ്രങ്ങളിലെയോ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഉള്ള ആവശ്യത്തിന് വേണ്ടിയും ഗവേണിംഗ് ബോർഡ് അങ്ങനെയുള്ള കേന്ദ്രത്തിന് നൽകാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയും സർവ്വകലാശാല സ്ഥാപിക്കുന്നതോ പരിപാലിക്കുന്നതോ ആയ ഒരു കേന്ദ്രം എന്നർത്ഥമാകുന്നു;

(ധ) "റെഗുലേഷനുകൾ" എന്നാൽ സർവ്വകലാശാലയുടെ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ന) "സാർക്ക്" എന്നാൽ പ്രാദേശിക സഹകരണത്തിനുള്ള ദക്ഷിണ ഏഷ്യൻ കൂട്ടായ്മ 1985 ഡിസംബർ എട്ടാം തീയതി ഒപ്പുവച്ച ചാർട്ടർ മുഖേന സ്ഥാപിക്കപ്പെട്ട, പ്രാദേശിക സഹകരണത്തിനുള്ള ദക്ഷിണ ഏഷ്യൻ കൂട്ടായ്മ എന്ന് അറിയപ്പെടുന്ന ഒരു സംഘടന എന്നർത്ഥമാകുന്നു;

(പ) "സാർക്ക് മേഖല" എന്നാൽ അംഗ രാജ്യങ്ങളുടെ ഭൂപ്രദേശങ്ങൾ ഉൾപ്പെടുന്ന മേഖല എന്നർത്ഥമാകുന്നു;

(ഫ) "പട്ടിക" എന്നാൽ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു;

(ബ) "സ്റ്റാറ്റ്യൂട്ടുകൾ" എന്നാൽ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ എന്നർത്ഥമാകുന്നു;

(ഭ) "അദ്ധ്യാപകൻ" എന്നാൽ സർവ്വകലാശാലയിൽ ബോധനം നൽകുന്നതിനു വേണ്ടിയോ സർവ്വകലാശാലയിലെ ഏതെങ്കിലും പഠനകോഴ്സ് തുടർന്നുകൊണ്ടുപോകുന്നതിനായി വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുവേണ്ടിയോ സർവ്വകലാശാല നിയമിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ സർവ്വകലാശാലയിലെ പ്രൊഫസറും റീഡറും ലക്ചററും ഗവേഷണ സ്റ്റാഫും എന്നർത്ഥമാകുന്നു; കൂടാതെ

(മ) "സർവ്വകലാശാല" എന്നാൽ 4-ാം വകുപ്പ് പ്രകാരം ഏകാംഗീകൃതമായ ദക്ഷിണ ഏഷ്യൻ സർവ്വകലാശാല എന്നർത്ഥമാകുന്നു.

3. കരാറിലെ വ്യവസ്ഥകൾക്ക് നിയമപ്രാബല്യമുണ്ടായിരിക്കുമെന്ന്.—മറ്റേതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികയിൽ കൊടുത്തിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്ക് ഭാരതത്തിൽ നിയമപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

4. ദക്ഷിണ ഏഷ്യൻ സർവ്വകലാശാലയുടെ ഏകാംഗീകരണം.—(1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഇതിലേക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി, കരാറിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്ന ആവശ്യങ്ങൾക്കായി, ദക്ഷിണ ഏഷ്യൻ സർവ്വകലാശാല എന്ന് പേര് പറയുന്ന ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതാണ്.

(2) സർവ്വകലാശാല ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതും ആണ്.

(3) സർവ്വകലാശാലയുടെ ആസ്ഥാനം ഡൽഹി ആയിരിക്കുന്നതാണ്.

(4) സർവ്വകലാശാലയ്ക്ക്, അത് ഉചിതമെന്ന് കരുതാവുന്ന ഭാരതത്തിനകത്തെ അങ്ങനെയുള്ള മറ്റ് സ്ഥലങ്ങളിലും, ഭാരതത്തിനു പുറത്ത് 'സാർക്ക്' മേഖലയിലും ക്യാമ്പസുകളും കേന്ദ്രങ്ങളും സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യാവുന്നതാണ്.

5. അധികാരിത.—സർവ്വകലാശാലയുടെ അധികാരിതയ്ക്ക് ഭാരതം മുഴുവനും ഭാരതത്തിന് പുറത്ത് "സാർക്ക്" മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ക്യാമ്പസുകളിലും കേന്ദ്രങ്ങളിലും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ സർവ്വകലാശാല ഭാരതത്തിന് പുറത്ത് 'സാർക്ക്' മേഖലയിലെ ഏതെങ്കിലും സ്ഥലത്ത് ഏതെങ്കിലും ക്യാമ്പസോ കേന്ദ്രമോ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നിടത്ത്, സർവ്വകലാശാലയുടെ അധികാരിതയ്ക്ക്, കരാറിലെ വ്യവസ്ഥയ്ക്കും അങ്ങനെയുള്ള ക്യാമ്പസോ കേന്ദ്രമോ സ്ഥിതി ചെയ്യുന്ന അംഗരാജ്യങ്ങളിൽ ഏതിലെങ്കിലും പ്രാബല്യത്തിലുള്ള നിയമങ്ങൾക്കും വിധേയമായി, അങ്ങനെയുള്ള ക്യാമ്പസിലോ കേന്ദ്രത്തിലോ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

6. ഗവേണിംഗ് ബോർഡ്.—(1) 'സാർക്ക്'-ലെ അംഗ രാജ്യങ്ങളിൽ ഓരോന്നിൽ നിന്നും രണ്ട് അംഗങ്ങളും സർവ്വകലാശാലയുടെ പ്രസിഡന്റും അടങ്ങുന്ന, സർവ്വകലാശാലയുടെ ഒരു ഗവേണിംഗ് ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ ആദ്യത്തെ ഗവേണിംഗ് ബോർഡ് രൂപീകരിക്കപ്പെടുന്നതുവരെ 'സാർക്ക്'-ന്റെ ഇന്റർ-ഗവൺമെന്റൽ സ്റ്റിയറിംഗ് കമ്മിറ്റി ഒരു ഇടക്കാല ഗവേണിംഗ് ബോർഡ് ആയി പ്രവർത്തിക്കേണ്ടതാണ്.

(2) ഗവേണിംഗ് ബോർഡിന്റെ തലവൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതും, അദ്ദേഹത്തെ ഗവേണിംഗ് ബോർഡിലെ അംഗങ്ങൾക്കിടയിൽനിന്നും തിരഞ്ഞെടുക്കേണ്ടതുമാണ്.

(3) ഗവേണിംഗ് ബോർഡിലെ അംഗങ്ങളെ പട്ടികയിലെ 5-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലയളവിലേക്കും തിരഞ്ഞെടുക്കേണ്ടതാണ്.

(4) സർവ്വകലാശാലയുടെ പ്രസിഡന്റ് ഗവേണിംഗ് ബോർഡിൽ ഔദ്യോഗിക നിലയിൽ അംഗമായിരിക്കുന്നതാണ്.

(5) ഗവേണിംഗ് ബോർഡ് സർവ്വകലാശാലയുടെ എല്ലാ നയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിനും ഉത്തരവാദിയായിരിക്കുന്നതാണ്.

(6) ബോർഡിന്റെ ചെയർപേഴ്സൺ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

7. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ—

(ക) അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള പഠനശാഖകളിൽ ബോധനപരവും ഗവേഷണപരവും ആയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അറിവും വിജ്ഞാനവും ഗ്രഹണശക്തിയും പകർന്നുനൽകുകയും വർദ്ധിപ്പിക്കുകയും;

(ഖ) അദ്ധ്യാപന-പഠന പ്രക്രിയയിലും ഒന്നിലധികം വിഷയങ്ങൾ ചേർത്തുള്ള പഠനങ്ങളിലും സാമൂഹ്യ പുരോഗതിക്ക് അറിവ് പ്രയോജനപ്പെടുത്തുന്നതിലും നൂതനരീതി പ്രോത്സാഹിപ്പിക്കുന്നതിനും കൂടാതെ മാനവ ക്ഷേമത്തിനും പ്രാദേശിക സമാധാനവും സുരക്ഷയും പ്രോൽസാഹിപ്പിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുകയും;

(ഗ) ദക്ഷിണ ഏഷ്യൻ രാഷ്ട്രങ്ങൾക്ക് ശാസ്ത്രം, സാങ്കേതികശാസ്ത്രം, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ ഉന്നത പഠനത്തിന്റെ മറ്റു മേഖലകൾ എന്നീ മണ്ഡലങ്ങളിൽ ശേഷി ആർജ്ജിക്കുന്നതിനായി മനോവിശാലതയും മനുഷ്യപ്പറ്റുള്ളതുമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുകയും കൂടാതെ വിദ്യാർത്ഥികൾക്ക് തൊഴിൽ സമ്പാദനത്തിന് ആവശ്യമായ അപഗ്രഥനോപാധികൾ നൽകുകയും അവരിൽ നേതൃത്വപാടവഗുണം വളർത്തുകയും;

(ഘ)വിദ്യാർത്ഥികളിൽ ശരിയായ പൗരബോധം വളർത്തിയെടുക്കുകയും ജനാധിപത്യ സമൂഹങ്ങൾക്ക് പ്രയോജനപ്രദമായ പൗരൻമാരായിത്തീരാൻ അവരെ പരിശീലിപ്പിക്കുകയും;

(ങ) ദക്ഷിണ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് അവരുടെ മുഴുവൻ ബൗദ്ധികശേഷിയും വികസിപ്പിക്കാൻ കഴിയുന്ന ഒരു ദക്ഷിണ ഏഷ്യൻ പഠന സമൂഹം കെട്ടിപ്പടുക്കുകയും കൂടാതെ മേഖലാവബോധം ശക്തിപ്പെടുത്തിക്കൊണ്ട് ഒരു ദക്ഷിണ ഏഷ്യൻ സമൂഹം സൃഷ്ടിക്കുകയും;

(ച) എല്ലാ അംഗരാജ്യങ്ങൾക്കും സ്വീകാര്യമാകുന്ന തരത്തിൽ അദ്ധ്യാപനത്തിലും ഗവേഷണത്തിലും പാഠ്യപദ്ധതിയിലും ഉള്ള അക്കാഡമിക് നിലവാരങ്ങളെയും അക്രഡിറ്റേഷൻ മാനദണ്ഡങ്ങളെയും അനുരൂപമാക്കുകയും,

ചെയ്യുക എന്നിവ ആയിരിക്കേണ്ടതാണ്.

8. സർവ്വകലാശാലയുടെ അധികാരങ്ങൾ.—സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാല, അതത്സമയം, തീരുമാനിക്കാവുന്ന അങ്ങനെയുള്ള പഠനശാഖകളിൽ ബോധനത്തിന് വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും ഗവേഷണത്തിനുവേണ്ടിയും അറിവിന്റെ വളർച്ചയ്ക്കും വ്യാപനത്തിനുവേണ്ടിയും വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും;

(ii) അതിന്റെ ലക്ഷ്യങ്ങൾ പുരോഗമിപ്പിക്കുന്നതിനാവശ്യമായ ഗവേഷണത്തിനും ബോധനത്തിനും വേണ്ടിയുള്ള, അങ്ങനെയുള്ള പ്രത്യേക കേന്ദ്രങ്ങളും സവിശേഷ പരീക്ഷണശാലകളും അങ്ങനെയുള്ള മറ്റ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനും;

(iii) ബിരുദങ്ങൾക്കോ ഡിപ്ലോമോകൾക്കോ സർട്ടിഫിക്കറ്റുകൾക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യത്തിനോവേണ്ടി പഠന കോഴ്സുകൾ ആസൂത്രണം ചെയ്യുന്നതിനും നിർണ്ണയിക്കുന്നതിനും;

(iv) സർവ്വകലാശാലയ്ക്ക് തീരുമാനിക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, ഡിപ്ലോമോകളോ സർട്ടിഫിക്കറ്റുകളോ അനുവദിച്ചുകൊടുക്കുന്നതിനും പരീക്ഷകളുടെയോ മൂല്യനിർണ്ണയത്തിന്റെയോ മറ്റേതെങ്കിലും പരീക്ഷണരീതിയുടെയോ അടിസ്ഥാനത്തിൽ ബിരുദങ്ങളോ മറ്റ് അക്കാഡമിക് ബഹുമതികളോ നൽകുന്നതിനും അങ്ങനെയുള്ള ഏതെങ്കിലും ഡിപ്ലോമോകളോ സർട്ടിഫിക്കറ്റുകളോ ബിരുദങ്ങളോ മറ്റ് അക്കാഡമിക് ബഹുമതികളോ ശരിയായതും മതിയായതുമായ കാരണങ്ങളാൽ പിൻവലിക്കുന്നതിനും;

(v) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ ബഹുമാനസൂചകമായ ബിരുദങ്ങളോ മറ്റ് ബഹുമതികളോ നൽകുന്നതിനും;

(vi) ഓപ്പൺ ലേണിംഗ് പ്രോഗാമുകളും എക്സ്ട്രാ മ്യൂറൽ സ്റ്റഡീസും ട്രെയിനിംഗും എക്സ്റ്റൻഷൻ സർവ്വീസുകളും സംഘടിപ്പിക്കുന്നതിനും ഏറ്റെടുക്കുന്നതിനും;

(vii) സർവ്വകലാശാലയ്ക്കാവശ്യമായ ചെയറുകളും പ്രിൻസിപ്പൽഷിപ്പുകളും പ്രൊഫസർഷിപ്പുകളും റീഡർഷിപ്പുകളും ലക്ചറർഷിപ്പുകളും അദ്ധ്യാപനവും അക്കാഡമികവും ആയ മറ്റ് പദവികളും ഏർപ്പെടുത്തുന്നതിനും അങ്ങനെയുള്ള ചെയറുകളിലേക്കും പ്രിൻസിപ്പൽ ഷിപ്പുകളിലേക്കും പ്രൊഫസർഷിപ്പുകളിലേക്കും റീഡർഷിപ്പുകളിലേക്കും ലക്ചറർഷിപ്പുകളിലേക്കും അദ്ധ്യാപനവും അക്കാഡമികവും ആയ മറ്റു പദവികളിലേക്കും ആളുകളെ നിയമിക്കുന്നതിനും;

(viii) വിസിറ്റിംഗ് പ്രൊഫസർമാരെയും എമരിറ്റസ് പ്രൊഫസർമാരെയും കൺസൾട്ടന്റുമാരെയും പണ്ഡിതൻമാരെയും സർവ്വകലാശാലയുടെ ലക്ഷ്യങ്ങളുടെ പുരോഗമനത്തിന് സഹായകമാകാവുന്ന മറ്റ് ആളുകളെയും നിയമിക്കുന്നതിനും;

(ix) സർവ്വകലാശാലയിലെ പ്രൊഫസർമാരായോ റീഡർമാരായോ ലക്ചറർമാരായോ മറ്റുവിധത്തിൽ അദ്ധ്യാപകരായോ ആളുകളെ അംഗീകരിക്കുന്നതിനും;

(x) സർവ്വകലാശാലയ്ക്ക്, അതത്സമയം ആവശ്യമെന്ന് കരുതാവുന്ന, ഭരണപരമായതും മറ്റുള്ളതുമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അതിലേക്ക് നിയമനങ്ങൾ നടത്തുന്നതിനും;

(xi) എല്ലാ വിഭാഗം ജീവനക്കാരുടെയും, അവരുടെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള, സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും;

(xii) അതത്സമയം തീരുമാനിക്കപ്പെടാവുന്ന പ്രകാരം ക്യാമ്പസുകളും കേന്ദ്രങ്ങളും പ്രാദേശിക കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും;

(xiii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് അനുസൃതമായി അതിന്റെ അധികാര പരിധിയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളെ, സർവ്വകലാശാല സ്ഥാപനങ്ങളെപോലെ, അതിന്റെ വിശേഷാവകാശങ്ങൾ അനുവദിക്കുന്നതിനും ആ വിശേഷാവകാശങ്ങൾ എല്ലാമോ ഏതെങ്കിലുമോ പിൻവലിക്കുന്നതിനും;

(xiv) സർവ്വകലാശാലയുടേതിന് സമാനമായ ആവശ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രോത്സാഹനം കണക്കിലെടുത്തുകൊണ്ട് മറ്റേതെങ്കിലും സർവ്വകലാശാലയുമായോ അധികാര സ്ഥാനവുമായോ ഉന്നതപഠന സ്ഥാപനവുമായോ മറ്റേതെങ്കിലും പൊതുനികായവുമായോ സ്വകാര്യനികായവുമായോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും സർവ്വകലാശാല തീരുമാനിക്കാവുന്നതോ അതിന് യോജിക്കാവുന്നതോ ആയ അങ്ങനെയുള്ള ആവശ്യങ്ങൾക്ക് വേണ്ടിയും സഹകരിക്കുകയോ സഹപ്രവർത്തനം നടത്തുകയോ കൂട്ടുചേരുകയോ ചെയ്യുന്നതിനും;

(xv) സർവ്വകലാശാലയിലേക്കും സർവ്വകലാശാല പരിപാലിച്ചു പോരുന്നതോ അതിന്റെ വിശേഷാവകാശങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ സ്ഥാപനങ്ങളിലേയ്ക്കും പരീക്ഷയോ മൂല്യനിർണ്ണയമോ മറ്റേതെങ്കിലും പരീക്ഷണ സമ്പ്രദായമോ ഉൾപ്പെടെ, പ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും;

(xvi) നിർണ്ണയിക്കപ്പെടാവുന്ന ഫീസുകളുടെയും മറ്റ് ചാർജ്ജുകളുടെയും ഒടുക്കൽ ആവശ്യപ്പെടുന്നതിനും സ്വീകരിക്കുന്നതിനും;

(xvii) ഹാളുകൾ സ്ഥാപിക്കുകയും സർവ്വകലാശാല പരിപാലിച്ചുപോരാത്ത ഹാളുകളേയും വിദ്യാർത്ഥികൾക്കുള്ള മറ്റ് താമസസൗകര്യത്തേയും അംഗീകരിക്കുകയും മാർഗ്ഗദർശനം നൽകുകയും മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും അങ്ങനെയുള്ള ഏതെങ്കിലും അംഗീകാരം പിൻവലിക്കുകയും ചെയ്യുന്നതിനും;

(xviii) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ആരോഗ്യവും പൊതുക്ഷേമവും മെച്ചപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും;

(xix) വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ഇടയിൽ അച്ചടക്കം ക്രമപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുന്നതിനും ഇത് സംബന്ധിച്ച് സർവ്വകലാശാല ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും;

(xx) ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും പാരിതോഷികങ്ങളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുന്നതിനും;

(xxi) സാർക്ക് മാനദണ്ഡങ്ങളനുസരിച്ച് ഗവേണിംഗ് ബോർഡ് ഉണ്ടാക്കിയ റെഗുലേഷനുകൾ പ്രകാരം സഹായങ്ങളും സംഭാവനകളും ദാനങ്ങളും സ്വീകരിക്കുകയും സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കോ ലക്ഷ്യങ്ങൾക്കോ വേണ്ടി ട്രസ്റ്റും എൻഡോവ്മെന്റും ആയ വസ്തുക്കൾ ഉൾപ്പെടെ സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തു ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും പരിപാലിക്കുകയും കയ്യൊഴിക്കുകയും ഫണ്ടുകൾ അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനും;

(xxii) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്ക്‌വേണ്ടി, സർവ്വകലാശാലാ സ്വത്തിന്റെ ഈടിൻമേൽ, ഗവേണിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി പണം കടമെടുക്കുന്നതിനും;

(xxiii) ഏതെങ്കിലും സ്ഥാപനത്തെയോ അതിലെ അംഗങ്ങളെയോ വിദ്യാർത്ഥികളെയോ, അതത്‌സമയം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിൻമേലും ഉപാധികളിൻമേലും, ഏതെങ്കിലും ആവശ്യത്തിനായി പൂർണ്ണമായോ ഭാഗികമായോ, അംഗീകരിക്കുകയും അങ്ങനെയുള്ള അംഗീകാരം പിൻവലിക്കുകയും ചെയ്യുന്നതിനും;

(xxiv) സർവ്വകലാശാലയിൽ മറ്റേതെങ്കിലും സ്ഥാപനത്തിന്റെ ഏകീകരണത്തിനുവേണ്ടിയും അതിന്റെ അവകാശങ്ങളും വസ്തുവകകളും ബാദ്ധ്യതകളും ഏറ്റെടുക്കുന്നതിനുവേണ്ടിയും ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടിയും ഏതെങ്കിലും കരാറിൽ ഏർപ്പെടുന്നതിനും;

(xxv) ഗവേഷണത്തിനും ഉപദേശകസേവനങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനും ആ ആവശ്യത്തിനുവേണ്ടി മറ്റ് സ്ഥാപനങ്ങളുമായോ നികായങ്ങളുമായോ അത് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും;

(xxvi) സർവ്വകലാശാല പ്രസിദ്ധീകരിക്കാവുന്ന ഗവേഷണ പ്രബന്ധങ്ങളുടെയും മറ്റ് സൃഷ്ടികളുടേയും അച്ചടിക്കും പകർപ്പിനും പ്രസിദ്ധീകരണത്തിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും;

(xxvii) കരാർ പ്രകാരം അതിന് നൽകിയിട്ടുള്ള അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുന്നതിനും; കൂടാതെ

(xxviii) സർവ്വകലാശാലയുടെ എല്ലാമോ ഏതെങ്കിലുമോ ലക്ഷ്യങ്ങളുടെ പ്രോത്സാഹനത്തിന് ആവശ്യമായതോ ആനുഷംഗികമായതോ ഉതകുന്നതോ ആയ അങ്ങനെയുള്ള മറ്റെല്ലാ പ്രവൃത്തികളും ചെയ്യുന്നതിനും.

9. <u>സർവ്വകലാശാലയിൽ എല്ലാവർക്കും പ്രവേശനമുണ്ടായിരിക്കുമെന്ന്</u>.—സർവ്വകലാശാലയിൽ ലിംഗമോ ജാതിയോ മതവിശ്വാസമോ ഭിന്നശേഷിയോ വംശീയതയോ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമോ കണക്കിലെടുക്കാതെ എല്ലാ ആളുകൾക്കും പ്രവേശനമുണ്ടായിരിക്കുന്നതും ഏതെങ്കിലും ആളിൻമേൽ, അയാൾ സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകനായി നിയമിക്കപ്പെടുന്നതിനോ അതിലെ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതിനോ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായി പ്രവേശനം നേടുന്നതിനോ അവിടെ നിന്നും ബിരുദം നേടുന്നതിനോ അതിന്റെ ഏതെങ്കിലും വിശേഷാവകാശം അനുഭവിക്കുന്നതിനോ വിനിയോഗിക്കുന്നതിനോ അർഹനാക്കുന്നതിനായി മതവിശ്വാസപരമോ ആചാരപരമോ ആയ ഏതെങ്കിലും പരിശോധന, എന്ത്തന്നെയായാലും സർവ്വകലാശാല സ്വീകരിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നത് നിയമപരമായിരിക്കുന്നതല്ല.

10. <u>വിസിറ്റർ</u>.—(1) 'സാർക്ക്'-ന്റെ നിലവിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ വിദേശകാര്യമന്ത്രി സർവ്വകലാശാലയുടെ വിസിറ്റർ ആയിരിക്കുന്നതാണ്.

(2) വിസിറ്റർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

11. <u>സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ</u>.—(1) സർവ്വകലാശാലയ്ക്ക് ഒരു പ്രസിഡന്റും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നിയമിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരും ഉണ്ടായിരിക്കുന്നതും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും അവർ വിനിയോഗിക്കേണ്ടതുമാണ്.

(2) പ്രസിഡന്റ് സർവ്വകലാശാലയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കുന്നതാണ്.

12. <u>പ്രസിഡന്റും അദ്ദേഹത്തിന്റെ അധികാരങ്ങളും</u>.—(1) പ്രസിഡന്റിനെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഗവേണിംഗ് ബോർഡ് നിയമിക്കേണ്ടതാണ്:

എന്നാൽ പ്രസിഡന്റിനെ നിയമിക്കുന്നതുവരെ, പ്രോജക്റ്റ് ഓഫീസിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രസിഡന്റിന്റെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും സർവ്വകലാശാലയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കേണ്ടതുമാണ്.

(2) പ്രസിഡന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിൽ, സർവ്വകലാശാലയുടെ കാര്യങ്ങളിൻമേൽ പൊതുവായ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കേണ്ടതും സർവ്വകലാശാല യുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും ഗവേണിംഗ് ബോർഡിന്റെ നയപരമായ നിർദ്ദേശങ്ങൾ നിറവേറ്റുന്നതിനും ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) പ്രസിഡന്റിന്, ഏതെങ്കിലും കാര്യത്തിൽ സത്വര നടപടി ആവശ്യമാണെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം, ഈ ആക്റ്റിനാലോ അത് പ്രകാരമോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനത്തിന് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള കാര്യത്തിൻമേൽ അദ്ദേഹം കൈക്കൊണ്ട നടപടി അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്:

എന്നാൽ അങ്ങനെയുള്ള അധികാരവിനിയോഗം അടിയന്തര സന്ദർഭങ്ങളിൽ മാത്രം നടത്തേണ്ടതും തസ്തികകൾ സൃഷ്ടിക്കലും പദവി ഉയർത്തലും അവയിലേക്കുള്ള നിയമനങ്ങളും സംബന്ധിച്ച യാതൊരു സംഗതിയിലും അത് പാടില്ലാത്തതുമാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള നടപടി എടുക്കാൻ പാടില്ലായിരുന്നുവെന്ന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം, അതിന് പ്രസ്തുത കാര്യം ഗവേണിംഗ് ബോർഡിലേയ്ക്ക് റഫർ ചെയ്യാവുന്നതും അതിൻമേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) പ്രസിഡന്റിന്, സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും തീരുമാനം, ആ അധികാരസ്ഥാനത്തിന് ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകളാൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്കതീതമാണെന്നോ എടുത്ത ഏതെങ്കിലും തീരുമാനം സർവ്വകലാശാലയുടെ താൽപ്പര്യത്തിലല്ലെന്നോ അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം, ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അതിന്റെ തീരുമാനം, അങ്ങനെയുള്ള തീരുമാനം എടുത്ത് അറുപത് ദിവസത്തിനുള്ളിൽ പുനഃപരിശോധിക്കാൻ ആവശ്യപ്പെടാവുന്നതും ആ അധികാരസ്ഥാനം ആ തീരുമാനത്തെ പൂർണ്ണമായോ ഭാഗികമായോ പുനഃപരിശോധിക്കാൻ വിസമ്മതിക്കുകയോ യാതൊരു തീരുമാനവും പ്രസ്തുത അറുപത് ദിവസക്കാലാവധിക്കുള്ളിൽ അത് എടുക്കുകയോ ചെയ്യുന്നില്ലെങ്കിൽ അക്കാര്യം ഗവേണിംഗ് ബോർഡിലേക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) പ്രസിഡന്റിനോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർവ്വകലാശാലയ്ക്കുവേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനും പ്രമാണങ്ങളിൽ ഒപ്പുവയ്ക്കുന്നതിനും രേഖകൾ പ്രമാണീകരിക്കുന്നതിനും ഉള്ള അധികാര മുണ്ടായിരിക്കുന്നതാണ്.

(6) പ്രസിഡന്റ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

13. മറ്റ് ഉദ്യോഗസ്ഥർ.—സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥരുടെ നിയമനരീതിയും അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

14. പ്രസിഡന്റിന്റെയും അക്കാഡമിക് സ്റ്റാഫിന്റെയും വിശേഷാവകാശങ്ങളും ഉൻമുക്തിയും.— സർവ്വകലാശാലയ്ക്കും പ്രസിഡന്റിനും അക്കാഡമിക് സ്റ്റാഫിലെ അംഗങ്ങൾക്കും, ബാധകമാകുന്നിടത്ത്, അവരുടെ ആശ്രിതർക്കും അല്ലെങ്കിൽ കുടുംബാംഗങ്ങൾക്കും യുണൈറ്റഡ് നേഷൻസ് (പ്രിവിലേജസ് ആന്റ് ഇമ്മ്യൂണിറ്റീസ്) ആക്റ്റ്, 1947 (1947-ലെ 46) 3-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള വിശേഷാവകാശങ്ങളും ഉൻമുക്തിയും ഉണ്ടായിരിക്കുന്നതാണ്.

15. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ താഴെപ്പറയുന്നവ ആയിരിക്കുന്നതാണ്—

(ക) നിർവ്വാഹകസമിതി,

(ഖ) അക്കാഡമിക് കൗൺസിൽ, കൂടാതെ

(ഗ) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായി ഗവേണിംഗ് ബോർഡ് സ്റ്റാറ്റ്യൂട്ടുകളിൽ പ്രഖ്യാപിക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനങ്ങളും.

16. നിർവ്വാഹക സമിതി.—(1) നിർവ്വാഹക സമിതി സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് ബോഡി ആയിരിക്കുന്നതും പ്രസിഡന്റിന്റെയും ഗവേണിംഗ് ബോർഡിന്റെയും നിർദ്ദേശങ്ങളോ തീരുമാനങ്ങളോ നടപ്പാക്കുന്നതിനുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(2) നിർവ്വാഹക സമിതിയുടെ രൂപീകരണവും അതിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അതിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

17. അക്കാഡമിക് കൗൺസിൽ.—(1) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ മുഖ്യ അക്കാഡമിക് നികായം ആയിരിക്കുന്നതും, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ അക്കാഡമിക് നയങ്ങളെ ഏകോപിപ്പിക്കേണ്ടതും അവയുടെ പൊതുവായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

(2) അക്കാഡമിക് കൗൺസിലിന്റെ രൂപീകരണവും അതിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അതിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

18. മറ്റ് അധികാരസ്ഥാനങ്ങളുടെ രൂപീകരണം.—15-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരമുള്ള അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അങ്ങനെയുള്ള അധികാരസ്ഥാനങ്ങളിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

19. ഫാക്കൽറ്റികളും ഡിപ്പാർട്ട്മെന്റുകളും.—(1) സർവ്വകലാശാലയ്ക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാക്കൽറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ ഫാക്കൽറ്റിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഡിപ്പാർട്ടുമെന്റുകളോ പഠന സ്കൂളുകളോ ഉണ്ടായിരിക്കേണ്ടതും ഓരോ ഡിപ്പാർട്ട്മെന്റിനും അല്ലെങ്കിൽ പഠന സ്കൂളിനും റെഗുലേഷനുകളാൽ അതിന് ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള പഠനവിഷയങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്.

20. സ്റ്റാറ്റ്യൂട്ടുകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി സ്റ്റാറ്റ്യൂട്ടുകൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) വിസിറ്ററുടെ അധികാരങ്ങൾ;

(ഖ) ഗവേണിംഗ് ബോർഡിന്റെ ചെയർപേഴ്സന്റെ അധികാരങ്ങൾ;

(ഗ) പ്രസിഡന്റിന്റെ നിയമനരീതിയും അദ്ദേഹത്തിന്റെ അധികാരങ്ങളും;

(ഘ) സർവ്വകലാശാലയുടെ നിർവ്വാഹക സമിതിയുടെയും അക്കാഡമിക് കൗൺസിലിന്റെയും മറ്റ് അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും രൂപീകരണവും അധികാരങ്ങളും ചുമതലകളും;

(ങ) അക്കാഡമിക് സ്റ്റാഫിന്റെ വിഭാഗങ്ങൾ;

(ച) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അക്കാഡമിക് സ്റ്റാഫിന്റെയും മറ്റ് ജീവനക്കാരുടെയും നിയമനം;

(ഛ) സർവ്വകലാശാലയിലെ ഫാക്കൽറ്റികൾ സ്ഥാപിക്കൽ;

(ജ) സർവ്വകലാശാലയുടെ വിശേഷാവകാശങ്ങൾ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിനും അങ്ങനെയുള്ള വിശേഷാവകാശങ്ങൾ പിൻവലിക്കുന്നതിനുമുള്ള ഉപാധികൾ;

(ഝ) ബഹുമാനസൂചകമായ ബിരുദങ്ങൾ നൽകൽ;

(ഞ) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലോ ഉദ്യോഗസ്ഥരിലോ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ;

(ട) ജീവനക്കാരും അല്ലെങ്കിൽ വിദ്യാർത്ഥികളും സർവ്വകലാശാലയും തമ്മിലുള്ള പരാതികളുടെ പരിഹാരത്തിന് വേണ്ടി ഒരു സംവിധാനം ഏർപ്പെടുത്തൽ;

(ഠ) ഈ ആക്റ്റ് പ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതോ ചെയ്യപ്പെടാവുന്നതോ ആയ മറ്റെല്ലാകാര്യങ്ങളും.

(2) ആദ്യ സ്റ്റാറ്റ്യൂട്ടുകൾ സർവ്വകലാശാലയുടെ പ്രവർത്തനത്തിന് വേണ്ടി 'സാർക്ക്'-ന്റെ ഇന്റർ-ഗവൺമെന്റൽ സ്റ്റിയറിംഗ് കമ്മിറ്റി ഉണ്ടാക്കാവുന്നവ ആയിരിക്കേണ്ടതാണ്.

(3) ഗവേണിംഗ് ബോർഡിന്, അതത് സമയം, പുതിയ സ്റ്റാറ്റ്യൂട്ടുകൾ അല്ലെങ്കിൽ കൂടുതൽ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നതോ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യാവുന്നതോ റദ്ദാക്കാവുന്നതോ ആണ്:

എന്നാൽ ഗവേണിംഗ് ബോർഡ്, സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ രൂപീകരണത്തെയോ ബാധിക്കുന്ന ഏതെങ്കിലും സ്റ്റാറ്റ്യൂട്ട്, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് നിർദ്ദിഷ്ട മാറ്റങ്ങളെക്കുറിച്ച് ലിഖിതമായി ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരം നൽകുകയും അങ്ങനെ പ്രകടിപ്പിച്ച ഏതെങ്കിലും അഭിപ്രായം ഗവേണിംഗ് ബോർഡ് പരിഗണിക്കുകയും ചെയ്യുന്നതുവരെ, ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

21. <u>റെഗുലേഷനുകൾ.</u>—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടി റെഗുലേഷനുകൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) സർവ്വകലാശാലയിലേക്കും സർവ്വകലാശാല പരിപാലിച്ചുപോരുന്നതോ അതിന്റെ വിശേഷാവകാശങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ സ്ഥാപനങ്ങളിലേക്കും വിദ്യാർത്ഥികളുടെ പ്രവേശനവും അവരുടെ പേര് ചേർക്കലും;

(ഖ) സർവ്വകലാശാലയുടെ എല്ലാ ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും സർട്ടിഫിക്കറ്റുകൾക്കും വേണ്ടി നിശ്ചയിക്കേണ്ടതായ പഠനകോഴ്സുകൾ;

(ഗ) അദ്ധ്യാപനത്തിന്റെയും പരീക്ഷയുടെയും മാധ്യമം;

(ഘ) ബിരുദങ്ങൾ, ഡിപ്ലോമകൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് അക്കാഡമിക് ബഹുമതികൾ എന്നിവ നൽകുന്നതും അവയ്ക്കുള്ള യോഗ്യതകളും അവ നൽകുന്നതും നേടുന്നതും സംബന്ധിച്ച് സ്വീകരിക്കേണ്ടതായ മാർഗ്ഗങ്ങളും;

(ങ) സർവ്വകലാശാലയിലെ പഠനകോഴ്സുകൾക്കും പരീക്ഷകൾക്കുള്ള പ്രവേശനത്തിനും സർവ്വകലാശാലയുടെ ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും വേണ്ടി ഈടാക്കേണ്ടതായ ഫീസ്;

(ച) ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും സമ്മാനങ്ങളും ഏർപ്പെടുത്തലും അവ നൽകുന്നതിനുള്ള നിബന്ധനകളും;

(ഛ) പരീക്ഷാ നികായങ്ങളുടെയും പരീക്ഷകരുടെയും മോഡറേറ്റർമാരുടെയും ഉദ്യോഗകാലാവധിയും നിയമനരീതിയും കർത്തവ്യങ്ങളും ഉൾപ്പെടെ പരീക്ഷകളുടെ നടത്തിപ്പ്;

(ജ) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസത്തിനുള്ള നിബന്ധനകൾ;

(ഝ) വിദ്യാർത്ഥിനികളുടെ താമസത്തിനും അച്ചടക്കത്തിനും അധ്യാപനത്തിനും വേണ്ടി ഏർപ്പെടുത്താവുന്ന പ്രത്യേക ക്രമീകരണങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ അതും, അവർക്കായി പ്രത്യേക പഠന കോഴ്സുകൾ നിർണ്ണയിക്കലും;

(ഞ) കേന്ദ്രങ്ങൾ, സർവ്വകലാശാലാ സ്ഥാപനങ്ങൾ, ഡിപ്പാർട്ടുമെന്റുകൾ, പഠനസ്കൂളുകൾ, പഠനബോർഡുകൾ, സവിശേഷമായ പരീക്ഷണശാലകൾ, സമിതികൾ എന്നിവ സ്ഥാപിക്കൽ;

(ട) സർവ്വകലാശാലയുടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും നികായത്തിന്റെ രൂപീകരണവും ഘടനയും ചുമതലകളും;

(ഠ) മറ്റ് സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, മറ്റ് നികായങ്ങൾ അല്ലെങ്കിൽ സമാജങ്ങൾ എന്നിവയുമായുള്ള സഹകരണത്തിന്റെയും സഹപ്രവർത്തനത്തിന്റെയും രീതി; കൂടാതെ

(ഡ) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ വ്യവസ്ഥ ചെയ്യപ്പെടേണ്ടതോ റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്നതോ ആയ മറ്റെല്ലാ കാര്യങ്ങൾക്കും.

(2) ആദ്യത്തെ റെഗുലേഷനുകൾ ഇന്റർ-ഗവൺമെന്റൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ മുൻകൂർ അംഗീകാരത്തോടുകൂടി, പ്രോജക്ട് ഓഫീസിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉണ്ടാക്കേണ്ടതും അപ്രകാരം ഉണ്ടാക്കിയ റെഗുലേഷനുകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഗവേണിംഗ് ബോർഡിന് ഏത് സമയത്തും ഭേദഗതി ചെയ്യാവുന്നതോ റദ്ദാക്കാവുന്നതോ അതിനോട് കൂട്ടിച്ചേർക്കാവുന്നതോ ആണ്.

22. ബൈലാകൾ.—സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾക്ക്, അവരുടെ സ്വന്തം കാര്യത്തിന്റെ നിർവ്വഹണത്തിനായി, ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ റെഗുലേഷനുകളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തവയ്ക്ക് ഈ ആക്റ്റുമായോ സ്റ്റാറ്റ്യൂട്ടുകളുമായോ റെഗുലേഷനുകളുമായോ പൊരുത്തപ്പെടുന്ന ബൈലാകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഉണ്ടാക്കാവുന്നതാണ്.

23. സ്റ്റാറ്റ്യൂട്ടുകൾക്കും റെഗുലേഷനുകൾക്കും മുൻകാലപ്രാബല്യം നൽകുന്നതിനുള്ള അധികാരം.—സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ ഉണ്ടാക്കാനുള്ള അധികാരത്തിൽ സ്റ്റാറ്റ്യൂട്ടുകൾക്കോ റെഗുലേഷനുകൾക്കോ അവയിൽ ഏതിനെങ്കിലുമോ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപല്ലാത്ത ഒരു തീയതി മുതൽ മുൻകാലപ്രാബല്യം നൽകാനുള്ള അധികാരം ഉൾപ്പെടുന്നതും, എന്നാൽ, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിനോ റെഗുലേഷനോ, അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടോ റെഗുലേഷനോ ബാധകമാകാവുന്ന ഏതെങ്കിലും ആളിന്റെ താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കത്തക്കവിധം യാതൊരു മുൻകാലപ്രാബല്യവും നൽകാൻ പാടില്ലാത്തതാണ്.

24. വാർഷിക റിപ്പോർട്ട്.—(1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് ഗവേണിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും സർവ്വകലാശാല അതിന്റെ വാർഷികയോഗത്തിൽ പരിഗണിക്കേണ്ടതുമാണ്. സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് 'സാർക്ക്' മന്ത്രിമാരുടെ കൗൺസിൽ സമ്മേളനത്തിലും കൂടെ അവതരിപ്പിക്കേണ്ടതാണ്.

(2) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് 'സാർക്ക്' സെക്രട്ടേറിയറ്റ് മുഖേന എല്ലാ 'സാർക്ക്' അംഗ രാജ്യങ്ങൾക്കും സർക്കുലേറ്റ് ചെയ്യേണ്ടതാണ്.

25. കണക്കുകളുടെ ആഡിറ്റ്.—(1) സർവ്വകലാശാലയുടെ കണക്കുകൾ ഓരോ വർഷത്തിലും ഏറ്റവും കുറഞ്ഞത് ഒരു പ്രാവശ്യവും പതിനഞ്ച് മാസങ്ങളിൽ കൂടാത്ത ഇടവേളകളിലും ഗവേണിംഗ് ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ ഫേമോ ആഡിറ്റ് ചെയ്യേണ്ടതാണ്.

(2) സർവ്വകലാശാലയുടെ കണക്കുകൾ 'സാർക്ക്' നിശ്ചയിച്ചിട്ടുള്ള പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) കണക്കുകൾ ആഡിറ്റ് ചെയ്തതിനുശേഷം പ്രസിദ്ധീകരിക്കേണ്ടതും കണക്കുകളുടെ ഒരു പകർപ്പ് ആഡിറ്റ് ചെയ്ത റിപ്പോർട്ട് സഹിതം 'സാർക്ക്'-ന്റെ സെക്രട്ടറി ജനറലിന് സമർപ്പിക്കേണ്ടതുമാണ്.

26. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ.—(1) സർവ്വകലാശാലയിലെ ഓരോ ജീവനക്കാരനേയും ലിഖിതമായ ഒരു കരാർ പ്രകാരം നിയമിക്കേണ്ടതും അത് സർവ്വകലാശാലയിൽ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരന് നൽകേണ്ടതുമാണ്.

(2) സർവ്വകലാശാലയും ഏതെങ്കിലും ജീവനക്കാരനും തമ്മിലുള്ള കരാറിൽനിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കം ആ ആവശ്യത്തിന് വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള ആർബിട്രേഷൻ ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതാണ്.

(3) ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ട്രൈബ്യൂണൽ തീരുമാനിച്ച കാര്യങ്ങളെ സംബന്ധിച്ച് യാതൊരു വ്യവഹാരവും ഒരു കോടതിയിലും നിലനിൽക്കുന്നതല്ലാത്തതുമാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ട്രൈബ്യൂണലിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

27. വിദ്യാർത്ഥികൾക്ക് എതിരെയുള്ള അച്ചടക്കം സംബന്ധിച്ച കേസുകളിൽ ആർബിട്രേഷൻ നടപടിക്രമം.—സർവ്വകലാശാല ഒരു വിദ്യാർത്ഥിക്കെതിരെ എടുക്കുന്ന ഏതെങ്കിലും അച്ചടക്ക നടപടിയിൽ നിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കം, അങ്ങനെയുള്ള വിദ്യാർത്ഥിയുടെ അപേക്ഷപ്രകാരം, ഒരു ആർബിട്രേഷൻ ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും 26-ാം വകുപ്പ് (2)-ഉം (3)-ഉം (4)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, ഈ വകുപ്പ് പ്രകാരം നടത്തിയ റഫറൻസിന് ബാധകമാകുന്നതുമാണ്.

28. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ നടപടികൾ ഒഴിവുകൾ ഉണ്ടെന്ന കാരണത്താൽ അസാധുവാകുന്നതല്ലെന്ന്.—സർവ്വകലാശാലയുടെയോ അതിന്റെ ഏതെങ്കിലും അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ യാതൊരു പ്രവൃത്തിയോ നടപടിക്രമമോ അതിലെ അംഗങ്ങൾക്കിടയിൽ ഒരു ഒഴിവോ ഒഴിവുകളോ ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ലാത്തതാണ്.

29. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ യാതൊന്നിനും സർവ്വകലാശാലയ്ക്കോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ലാത്തതാണ്.

30. 'സാർക്ക്' ആർബിട്രേഷൻ കൗൺസിലിലേക്കുള്ള റഫറൻസ്.—കരാറിന്റെ വ്യാഖ്യാനത്തിലോ ബാധകതയിലോ നിന്നും ഉത്ഭവിക്കുന്ന എല്ലാ തർക്കങ്ങളും, ഏതെങ്കിലും സംഗതിയിൽ മറ്റൊരു തരത്തിലുള്ള ഒത്തുതീർപ്പിന് കക്ഷികൾ സമ്മതിക്കാത്തപക്ഷം, 'സാർക്ക്' ആർബിട്രേഷൻ കൗൺസിലിലേക്ക് റഫർ ചെയ്യേണ്ടതാണ്.

31. സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ബൈലാകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്നും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്നും.—(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ബൈലാകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ സ്റ്റാറ്റ്യൂട്ടും റെഗുലേഷനും അല്ലെങ്കിൽ ബൈലായും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

32. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി, ആ വൈഷമ്യം നീക്കംചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ മൂന്നു വർഷക്കാലാവധി അവസാനിച്ചതിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

പട്ടിക
(3-ാം വകുപ്പ് കാണുക)

കരാറിലെ വ്യവസ്ഥകൾക്ക് നിയമപ്രാബല്യമുണ്ടായിരിക്കുമെന്ന്

**അനുച്ഛേദം 1**

**ദക്ഷിണ ഏഷ്യൻ സർവ്വകലാശാല സ്ഥാപിക്കൽ**

1. ദക്ഷിണ ഏഷ്യൻ സർവ്വകലാശാല എന്നറിയപ്പെടുന്ന (ഇതിന് ശേഷം "സർവ്വകലാശാല" എന്നാണ് പരാമർശിക്കപ്പെടുക) ഒരു സ്ഥാപനം ഇതിനാൽ സ്ഥാപിക്കപ്പെടുന്നതും ആയത് ഈ കരാറിൽ പ്രതിപാദിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി, പ്രാദേശികമായ ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ടുള്ള ഒരു രാജ്യേതര ലാഭരഹിത സ്വയംഭരണ അന്താരാഷ്ട്രീയ വിദ്യാഭ്യാസ സ്ഥാപനം ആയിരിക്കുന്നതും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പൂർണ്ണ അക്കാഡമിക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്.

2. സർവ്വകലാശാലയുടെ മുഖ്യ ക്യാമ്പസ് ഭാരതത്തിൽ സ്ഥിതിചെയ്യുന്നതാണ്.

3. സർവ്വകലാശാലയ്ക്ക് നിയമപരമായ പൂർണ്ണ വ്യക്തിത്വം ഉണ്ടായിരിക്കുന്നതാണ്.

4. സർവ്വകലാശാലയുടെ നിയമപരമായ ശേഷിയിൽ, മറ്റ് പലതിന്റെയും കൂട്ടത്തിൽ:

(ക) ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള അധികാരവും;

(ഖ) കരാറിൽ ഏർപ്പെടുന്നതിനുള്ള ശേഷിയും;

(ഗ) അതിന്റെ പേരിൽ വ്യവഹരിക്കുന്നതും വ്യവഹരിക്കപ്പെടുന്നതും;

(ഘ) സ്വത്തുക്കൾ ആർജ്ജിക്കുന്നതും കൈവശംവയ്ക്കുന്നതും കൈയൊഴിക്കുന്നതും;

(ങ) മേഖലയിൽ ക്യാമ്പസുകളും കേന്ദ്രങ്ങളും സ്ഥാപിക്കുന്നതും;

(ച) സർവ്വകലാശാലയുടെ പ്രവർത്തനത്തിന് വേണ്ടി ചട്ടങ്ങളും റെഗുലേഷനുകളും ബൈലാകളും ഉണ്ടാക്കുന്നതും,

ഉൾപ്പെടുന്നതാണ്.

**അനുച്ഛേദം 2**

**ദക്ഷിണ ഏഷ്യൻ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളും ചുമതലകളും**

സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിലും ചുമതലകളിലും, മറ്റ് പലതിന്റെയും കൂട്ടത്തിൽ:

1. ലിംഗം, ജാതി, മതവിശ്വാസം, ഭിന്നശേഷി, വംശീയത അല്ലെങ്കിൽ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം എന്നിവ കണക്കിലെടുക്കാതെ ദക്ഷിണ ഏഷ്യയിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള ഏറ്റവും സമർത്ഥരായിട്ടുള്ളതും തികഞ്ഞ അർപ്പണബോധവുമുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് കൊണ്ടുവന്ന്, അവർക്ക് മനോവിശാലതയും മനുഷ്യപ്പറ്റുള്ളതുമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനും ഒരു തൊഴിൽ സമ്പാദനത്തിന് ആവശ്യമായ അപഗ്രഥനോപാധികൾ അവർക്ക് നൽകുന്നതിനും അവരിൽ നേതൃത്വപാടവ ഗുണങ്ങൾ വളർത്തുന്നതിനുമായി ലോക നിലവാരമുള്ള ഒരു പഠനസ്ഥാപനം സൃഷ്ടിക്കുന്നതും;

2. ഓരോ വിദ്യാർത്ഥിക്കും, അവളുടെ/അവന്റെ മുഴുവൻ ബുദ്ധിപരമായ കഴിവും വികസിപ്പിക്കാൻ കഴിയുന്ന ഒരു ദക്ഷിണ ഏഷ്യൻ പഠന സമൂഹം കെട്ടിപ്പടുക്കുന്നതും മേഖലാവബോധം ശക്തിപ്പെടുത്തിക്കൊണ്ട് ദക്ഷിണ ഏഷ്യൻ സമൂഹം സൃഷ്ടിക്കുന്നതും;

3. ദക്ഷിണ ഏഷ്യൻ രാഷ്ട്രങ്ങൾക്ക് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, ഉന്നത പഠനത്തിന്റെ മറ്റ് മേഖലകൾ എന്നീ മണ്ഡലങ്ങളിൽ ശേഷി ആർജ്ജിക്കുന്നതിനായി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതും;

4. ദക്ഷിണ ഏഷ്യയിലെ ഭാവി നേതാക്കളെ ഒരുമിച്ച് കൊണ്ടുവന്ന് പ്രാദേശിക സമാധാനത്തിന്റെയും സുരക്ഷയുടെയും അഭിവൃദ്ധിക്കായി സംഭാവന ചെയ്യുന്നതും അവരുടെ വീക്ഷണങ്ങളെക്കുറിച്ചുള്ള പരസ്പരധാരണ ഉയർത്തുന്നതും;

5. വിദ്യാർത്ഥികളിൽ ശരിയായ പൗരബോധം വളർത്തിയെടുക്കുകയും ജനാധിപത്യ സമൂഹങ്ങൾക്ക് പ്രയോജനപ്രദമായ പൗരൻമാരായിത്തീരാൻ അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്നതും, ഉൾപ്പെടുന്നതാണ്.

### അനുച്ഛേദം 3

### ധനസഹായം

സർവ്വകലാശാല ലാഭേച്ഛയില്ലാത്ത പൊതു-സ്വകാര്യപങ്കാളിത്തത്തോടെയുള്ളതും, അത് അംഗരാജ്യങ്ങളിലെ ഓരോ ദേശീയസർക്കാരിൽ നിന്നും മറ്റു മാർഗ്ഗങ്ങളിൽ നിന്നും സഹായം തേടുന്നതും എന്നാൽ സ്വയംഭരണാവകാശമുള്ളതും അതിന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിനോട്/ ഗവർണ്ണേഴ്സിനോട് ഉത്തരവാദിത്വമുള്ളതും ആയിരിക്കേണ്ടതാണ്.

### അനുച്ഛേദം 4

### ധനപരമായ സ്ഥിതി

1. സർവ്വകലാശാലയേയും അതിന്റെ ക്യാമ്പസുകളേയും കേന്ദ്രങ്ങളേയും, അത് സ്ഥിതിചെയ്യുന്ന രാജ്യത്ത്, സർവ്വകലാശാലയുടെ സ്ഥാപിക്കലിനും പ്രവർത്തനങ്ങൾക്കുമുള്ള പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ തരത്തിലുമുള്ള നികുതികളും ചുങ്കങ്ങളും നൽകുന്നതിൽ നിന്നും പിരിക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2. സർവ്വകലാശാലയ്ക്ക്, സേവനങ്ങൾക്കുള്ള മുൻഗണനകളെയും നിരക്കുകളെയും ചാർജ്ജുകളെയും സംബന്ധിച്ച് സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്കും സർവ്വകലാശാലകൾക്കും അനുവദിച്ചുനൽകിയിട്ടുള്ളതിനെക്കാൾ കുറവല്ലാത്ത പരിഗണന ഉണ്ടായിരിക്കുന്നതാണ്.

3. സർവ്വകലാശാലയ്ക്ക്, അതിന്റെ ലക്ഷ്യങ്ങൾക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ തമ്മിലും അതുപോലെതന്നെ മരണപത്രപ്രകാരവുമുള്ള ദാനങ്ങളും വിഹിതങ്ങളും സംഭാവനകളും പണമായോ അല്ലാതെയോ സ്വീകരിക്കാൻ അവകാശം ഉള്ളതാണ്. ഏതെങ്കിലും നിയമാനുസൃത അല്ലെങ്കിൽ സ്വാഭാവിക വ്യക്തിയിൽ നിന്നുള്ള അങ്ങനെയുള്ള എല്ലാ ദാനങ്ങളും സംഭാവനകളും അങ്ങനെയുള്ള ദാനദാതാവിന്റെയോ അംശദായകന്റെയോ ബന്ധപ്പെട്ട സ്ഥാപകരാജ്യങ്ങളിലെ വരുമാനത്തിൽ നിന്നും യാതൊരു പരിധിയും കൂടാതെ പൂർണ്ണമായും കുറവ് ചെയ്യാവുന്നതാണ്.

4. സർവ്വകലാശാല നിയോജിച്ചിട്ടുള്ള സ്ഥാപകരാജ്യങ്ങളിലെ പൗരൻമാരുടെ നികുതി ചുമത്തലും സാമൂഹ്യസംരക്ഷണവും ബന്ധപ്പെട്ട രാജ്യങ്ങളിലെ ബന്ധപ്പെട്ട ദേശീയ നിയമം അനുസരിച്ച് ക്രമപ്പെടുത്തേണ്ടതാണ്. ആതിഥേയ രാജ്യം അല്ലാത്ത രാജ്യങ്ങളിൽ നിന്നുള്ള സർവ്വകലാശാലാ ജീവനക്കാർ മാതൃരാജ്യങ്ങളിലെ ആദായ നികുതി നിയമങ്ങളാൽ അനുശാസിക്കപ്പെടുന്നതും ആതിഥേയ രാജ്യത്തെ നിയമപ്രകാരം നികുതി ചുമത്തപ്പെടുന്നതല്ലാത്തതുമാണ്.

## അനുച്ഛേദം 5

## ഭരണനിർവ്വഹണ ഘടന

1. സർവ്വകലാശാല, ഓരോ അംഗ രാജ്യത്തിൽ നിന്നുമുള്ള രണ്ട് അംഗങ്ങൾ അടങ്ങിയിട്ടുള്ള ഒരു ഗവേണിംഗ് ബോർഡിനാൽ അനുശാസിക്കപ്പെടേണ്ടതും ഒരു ചെയർപേഴ്സൺ തലവനായിരിക്കുന്നതുമാണ്. ചെയർപേഴ്സനെ ഗവേണിംഗ് ബോർഡിലെ അംഗങ്ങൾക്കിടയിൽനിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

2. ഗവേണിംഗ് ബോർഡിലെ ഓരോ അംഗവും ഒരു നിശ്ചിത മൂന്ന് വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതും തുടർച്ചയായ രണ്ട് തവണകളിൽ കൂടുതൽ ഉദ്യോഗം വഹിക്കാൻ പാടില്ലാത്തതുമാണ്. അംഗങ്ങളെ മേഖലയിൽനിന്നുള്ള വിശിഷ്ടരായ ആളുകൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതും സർവ്വകലാശാലയുടെ എല്ലാ നയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അവർ ഉത്തരവാദിയായിരിക്കുന്നതുമാണ്. ഗവേണിംഗ് ബോർഡിലെ ചെയർപേഴ്സന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ പങ്കും സർവ്വകലാശാലയുടെ ചട്ടങ്ങളും റെഗുലേഷനുകളും പ്രകാരം തീരുമാനിക്കേണ്ടതാണ്.

3. ഗവേണിംഗ് ബോർഡ് നിയമിക്കുന്ന ഒരു പ്രസിഡന്റ് സർവ്വകലാശാലയുടെ തലവനായിരിക്കുന്നതാണ്. നിയമനവും ഉദ്യോഗകാലാവധിയും അധികാരങ്ങളും ചുമതലകളും സർവ്വകലാശാലയുടെ ചട്ടങ്ങളും റെഗുലേഷനുകളും പ്രകാരം തീരുമാനിക്കേണ്ടതാണ്.

4. പ്രസിഡന്റ് ഗവേണിംഗ് ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും (സി.ഇ.ഒ.) ഔദ്യോഗിക നിലയിലുള്ള ഒരംഗവും കൂടി ആയിരിക്കേണ്ടതാണ്. പ്രസിഡന്റ് സർവ്വകലാശാലയുടെ സി.ഇ.ഒ. എന്ന നിലയിൽ ബോർഡിന് റിപ്പോർട്ട് നൽകേണ്ടതും ബോർഡിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതുമാണ്. അദ്ദേഹം സർവ്വകലാശാലയുടെ കാഴ്ചപ്പാടും സ്ഥാപക നിർദ്ദേശവും നടപ്പിലാക്കുന്നതിനും സർവ്വകലാശാലയുടെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും ഉറപ്പുവരുത്തുന്നതിനും ഉന്നത അക്കാഡമിക് നിലവാരം ഒരേപ്രകാരം നിലനിർത്തുന്നതിനും സർവ്വകലാശാലാ ബോർഡിന്റെ നയപരമായ നിർദ്ദേശങ്ങൾ നിറവേറ്റുന്നതിനും ഉത്തരവാദിയായിരിക്കുന്നതാണ്.

5. പ്രസിഡന്റ് സർവ്വകലാശാലാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിൽ ഗവേണിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ടതാണ്. പ്രസിഡന്റിനെ ഒരു എക്സിക്യൂട്ടീവ് കൗൺസിൽ സഹായിക്കേണ്ടതാണ്. പ്രസിഡന്റ് അക്കാഡമിക് കൗൺസിൽ, വിവിധ സമിതികൾ എന്നിവ രൂപീകരിക്കേണ്ടതും സർവ്വകലാശാലയുടെ പ്രധാന ഉദ്യോഗസ്ഥരെ ബൈലാകൾ അനുസരിച്ച് നിയമിക്കേണ്ടതുമാണ്.

## അനുച്ഛേദം 6

## വിസയും റസിഡന്റ് പെർമിറ്റും

അംഗരാജ്യങ്ങൾ, വിദ്യാർത്ഥികൾക്കും ഫാക്കൽറ്റിക്കും സ്റ്റാഫിനും എല്ലാ 'സാർക്ക്' അംഗരാജ്യങ്ങളിലും യാത്രയ്ക്കുവേണ്ടി ഉചിതമായ വിസകൾ ലഭ്യമാക്കേണ്ടതും വിദ്യാർത്ഥികൾക്കും ഫാക്കൽറ്റിക്കും ഭരണനിർവ്വഹണ സ്റ്റാഫിനും സർവ്വകലാശാലയിലും അതിന്റെ വിവിധ ക്യാമ്പസുകളിലും കേന്ദ്രങ്ങളിലും സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നതിന് ആവശ്യമായ റസിഡന്റ് പെർമിറ്റ് നൽകേണ്ടതുമാണ്.

## അനുച്ഛേദം 7

## ബിരുദങ്ങളുടെ അംഗീകാരം

ഈ കരാർ, 'സാർക്ക്'-ലെ എല്ലാ അംഗരാജ്യങ്ങളിലും സർവ്വകലാശാല നൽകുന്ന ബിരുദങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും അവരുടെ ബന്ധപ്പെട്ട ദേശീയ സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നൽകുന്ന ബിരുദങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും തത്തുല്യമായി പരസ്പരം അംഗീകരിക്കുന്നതിനെ സുകരമാക്കേണ്ടതാണ്..